പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2593 — 09-05-2017-ലെ മറുപടിയ്ക്ക്

## കൃഷിയെ മുഖ്യതൊഴിലായി സ്വീകരിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.കെ.സി.മമ്മത് കോയ**<br>**ശ്രീ.ആന്റണി ജോൺ**<br>**പ്രൊഫ.കെ.യു.അരുണൻ**<br>**ശ്രീ.സി.കെ.ഹരീന്ദ്രൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** പുതുതലമുറയെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | **(എ)** ആധുനിക കൃഷി രീതികൾ, യന്ത്രവൽക്കരണം എന്നിവ അവലംബിച്ചും, കൂടുതൽ വരുമാനം ഉറപ്പാക്കിയും, പുതുതലമുറയെ കാർഷിക രംഗത്തേക്ക് ആകർഷിക്കുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>(i) ഹൈ-ടെക് അഗ്രിക്കൾച്ചർ:- പോളിഹൗസ് സ്ഥാപിച്ച് കൃഷി നടപ്പാക്കൽ, കൃത്യതാ കൃഷി, മൈക്രോ ജലസേചന പദ്ധതികൾ എന്നിവയിലൂടെ കുറഞ്ഞ സ്ഥലത്തു നിന്നും ലഭ്യമായ വിഭവങ്ങളുടെ കൃത്യമായ ഉപയോഗത്തിലൂടെ പരമാവധി ഉൽപാദനവും തദ്വാരാ കൂടുതൽ വരുമാനവും ലഭ്യമാകുന്നു.<br><br>(ii) പച്ചക്കറി കൃഷി വികസന പദ്ധതി:- മഴമറകൾ, ഫെർട്ടിഗേഷൻ തുടങ്ങിയ ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിന് ധനസഹായം നൽകുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷിത്തോട്ടം വിദ്യാർത്ഥികളുടെ ശ്രമഫലമായി സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ കാർഷിക മേഖലയെ പരിചയപ്പെടുത്തുന്നതിനും, ആകർഷിക്കുന്നതിനും കഴിയുന്നു. എല്ലാ വിദ്യാർത്ഥികൾക്കും വീടുകളിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി പച്ചക്കറി വിത്ത് വിതരണം നടത്തുന്നതും ഈ ലക്ഷ്യത്തിലേക്കുള്ള ചുവട് വയ്പാണ്.<br><br>(iii) അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും:- ഇവയിലൂടെ പരിശീലനം ലഭിച്ച യുവകർഷക തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷികവൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത്തരം |

| | | | |
|---|---|---|---|
| | | | സംഘങ്ങളിൽ അംഗമാകുന്നതിനും, സേവനം ലഭ്യമാക്കി കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനുമായി യുവതലമുറ താൽപര്യം പ്രകടിപ്പിക്കുന്നുണ്ട്. |
| **(ബി)** | ഇതിനായി വിദ്യാർത്ഥികളുടെ സഹകരണത്തോടെ വിദ്യാലയങ്ങളിൽ ജൈവകൃഷി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | **(ബി)** | പച്ചക്കറികൃഷി വികസന പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് പച്ചക്കറികൃഷി ചെയ്യുന്നതിന് കൃഷിച്ചിലവുകൾ, പരിശീലനം, ഡോക്യുമെന്റേഷൻ ഉൾപ്പെടെ 5,000/- രൂപ ധനസഹായം നൽകി വരുന്നു. ജൈവകൃഷി രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൃഷി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| **(സി)** | തൊഴിൽരഹിതരായ യുവജനങ്ങൾക്ക് കൃഷി സംബന്ധിച്ച് സാങ്കേതിക പരിശീലനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി കൃഷിയെ മുഖ്യതൊഴിലായി സ്വീകരിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുമോ? | **(സി)** | കൃഷി വകുപ്പിന് കീഴിലുള്ള വിവിധ പ്രാദേശിക കാർഷിക സാങ്കേതിക പരിശീലന കേന്ദ്രങ്ങളിലൂടെ കർഷകർക്കും, യുവജനങ്ങൾക്കും കാർഷിക രംഗത്തെ വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി പരിശീലന പരിപാടികൾ നൽകി വരുന്നുണ്ട്. പച്ചക്കറി വികസന പദ്ധതിയിൽ യുവജനങ്ങളടങ്ങുന്ന ക്ലസ്റ്ററുകൾക്ക് മുൻഗണന നൽകുകയും അഗ്രോ സർവ്വീസ് സെന്ററുകളിൽ വിദഗ്ധ പരിശീലനം ലഭിച്ച യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. കാർഷിക വിപണന രംഗത്തും സന്നദ്ധരായ യുവജനങ്ങൾക്ക് "കർഷകമിത്ര"ങ്ങളായി പ്രവർത്തിച്ച് സ്വയംതൊഴിൽ കണ്ടെത്താവുന്നതാണ്. ഹൈ-ടെക് കൃഷി രീതികൾ അവലംബിച്ചും ആദായകരമായി കൃഷി ചെയ്ത് മെച്ചപ്പെട്ട വരുമാനം നേടുവാൻ യുവജനങ്ങൾക്ക് അവസരമുണ്ട്. |

**സെക്ഷൻ ഓഫീസർ**